# KERALA POLICE INFORMATION CENTRE

Ph: 0471 2318188     Email: *info.pol@kerala.gov.in*


No.254/PR/PIC/PHQ/18 Date:08.10.2018

---

## വിശിഷ്ട സേവനം കാഴ്ച വെയ്ക്കുന്ന പോലീസ് സേനാംഗങ്ങൾക്ക് സംസ്ഥാന പോലീസ് മേധാവിയുടെ കമന്റേഷൻ ഡിസ്ക് നല്കും

വിശിഷ്ട സേവനം കാഴ്ച വെയ്ക്കുന്ന സായുധസേന, തണ്ടർബോൾട്ട്, ആന്റിനക്സലൈറ്റ് ഫോഴ്സ് (ANF) തുടങ്ങിയവയിലെ അംഗങ്ങൾക്ക് കമന്റേഷൻ ഡിസ്ക്ക് ഏർപ്പെടുത്തി സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ ഉത്തരവായി. സേനാംഗങ്ങൾക്ക് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള വിവിധ അംഗീകാരങ്ങൾക്ക് പുറമെയാണ് പുതിയ സംവിധാനം.

സായുധസേന എ.ഡി.ജി.പി ചെയർമാനായുള്ള സ്റ്റാന്റിംഗ് കമ്മിറ്റി ആയിരിക്കും കമന്റേഷൻ ഡിസ്ക്കിന് അർഹരായവരെ തിരഞ്ഞെടുക്കുക. സായുധ സേന ഐ.ജി, ഡി.ഐ.ജി, ചെയർമാൻ നിർദ്ദേശിക്കുന്ന രണ്ട് കമാൻഡന്റുമാർ, പോലീസ് ആസ്ഥാനം എസ്.പി. എന്നിവരും കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും. എല്ലാ വർഷവും പരമാവധി 50 പോലീസ് ഉദ്യോഗസ്ഥർക്ക് ഈ അംഗീകാരം ലഭിക്കും. ബാഡ്ജ് ഓഫ് ഓണർ മുദ്ര ധരിക്കുന്നതുപോലെ കമന്റേഷൻ ഡിസ്ക്കും യൂണിഫോമിൽ ധരിക്കാവുന്നതാണ്. സായുധ സേന, തണ്ടർബോൾട്ട്, ആന്റിനക്സലൈറ്റ് ഫോഴ്സ് തുടങ്ങിയ പോലീസ് വിഭാഗങ്ങൾക്ക് ഇനി മുതൽ ബാഡ്ജ് ഓഫ് ഓണറിന് പകരം സംസ്ഥാന പോലീസ് മേധാവിയുടെ കമന്റേഷൻ ഡിസ്ക്കായിരിക്കും നൽകുക എന്നും ഉത്തരവിൽ പറയുന്നു.

********************